**ലാൻഡ് റവന്യൂ ജോയിന്റ് കമ്മീഷണറുടെ നടപടിക്രമം**

*(റവന്യൂ കോംപ്ലക്സ്, പബ്ലിക് ഓഫീസ് കോംപൗണ്ട്, തിരുവനന്തപുരം - 33)*

*(ഹാജർ : എൻ. പത്മകുമാർ, ഐ.എ.എസ്.)*

നം. എൽ.ആർ. ഇ4-5000/16 തീയതി : 1-08-2016

വിഷയം:- ജീവനക്കാര്യം - ലാൻഡ് റവന്യൂ വകുപ്പ് - സീനിയർ ക്ളാർക്ക്/ എസ്.വി.ഒ. സ്ഥലംമാറ്റ ഉത്തരവിലെ അപാകത പരിഹരിച്ചും സ്ഥാനക്കയറ്റം അനുവദിച്ചും ഉത്തരവാകുന്നത് - സംബന്ധിച്ച്.

പരാമർശം :-
1. ഈ കാര്യാലയത്തിലെ 28/7/16ലെ ഇതേ നമ്പർ നടപടിക്രമം.
2. ഈ കാര്യാലയത്തിലെ 16/4/11ലെ എൽ.ആർ.റ്റി4-13358/09-ാം നമ്പർ നടപടിക്രമം.
3. വയനാട് ജില്ലാ കളക്ടറുടെ 29.7.16ലെ എ1-21983/16(2)-ാം നമ്പർ റിപ്പോർട്ട്.

*****************

ലാൻഡ് റവന്യൂ വകുപ്പിൽ സീനിയർ ക്ളാർക്ക്/സ്പെഷ്യൽ വില്ലേജ് ഓഫീസർ തസ്തികയിൽ ജോലി നോക്കിവരുന്ന ജീവനക്കാരെ ഭരണസൗകര്യാർത്ഥം സ്ഥലം മാറ്റി പരാമർശം ഒന്ന് പ്രകാരം ഉത്തരവായിട്ടുണ്ട്. ടി ഉത്തരവിൽ കൊല്ലം ജില്ലയിലേക്ക് സ്ഥലംമാറ്റം അനുവദിച്ചിരുന്ന ക്രമ നമ്പർ 11 ശ്രീ. സുശീലാരാജൻ എന്നയാളിന് കൊല്ലം ജില്ലയിലേക്ക് മുൻപ് സ്ഥലം മാറ്റം ലഭിച്ചിട്ടുള്ളതിനാൽ ഈ ഉത്തരവിൽ നിന്ന് ഒഴിവാക്കിയും കോട്ടയം ജില്ലയിലേക്ക് റീ അലോട്ട്മെന്റ് അനുവദിച്ചിട്ടുള്ള ക്രമ നമ്പർ 3 ശ്രീമതി. ധന്യ.പി.നായർക്ക് കോട്ടയം ജില്ലയിലേക്ക് മുൻപ് സ്ഥലമാറ്റം ലഭിച്ചിട്ടുള്ളതിനാൽ ഈ ഉത്തരവിൽ നിന്ന് ഒഴിവാക്കിയും തിരുവനന്തപുരം ജില്ലയിൽ നിന്ന് സ്റ്റാമ്പ് ഡിപ്പോയിലേക്ക് സ്ഥലംമാറ്റം അനുവദിച്ച ക്രമ നം. 27 ബൈജു.വി.എസ്.-ന്റെ സ്ഥലംമാറ്റം ഈ ഉത്തരവിൽ നിന്ന് ഒ ിവാക്കിയും വയനാട് ജില്ലയിൽ നിന്നും സീനിയർ ക്ളാർക്കായി സ്ഥാനക്കയറ്റം നൽകിയിട്ടുള്ള ക്രമ നമ്പർ 115 റാങ്ക് നമ്പർ 18239 യശോധരൻ.പി.ആർ. സർവ്വീസിൽ നിന്നും 31.5.2016ൽ വിരമിച്ചിട്ടുള്ളതായി പരാമർശം മൂന്ന് പ്രകാരം ജില്ലാ കളക്ടർ അറിയിച്ചിട്ടുള്ളതിനാൽ ടിയാന്റെ സ്ഥാനക്കയറ്റം റദ്ദാക്കിയും ഉത്തരവാകുന്നു.

താഴെ പറയുന്ന ജീവനക്കാർക്ക് സീനിയർ ക്ളാർക്ക്/എസ്.വി.ഒ. ആയി സ്ഥാനക്കയറ്റം നൽകി നിയമിച്ച ജില്ലകളിൽ താഴെപറയും പ്രകാരം മാറ്റം വരുത്തി ഉത്തരവാകുന്നു.

| ഉത്തരവിലെ ക്രമ നം. | റാങ്ക് നം. | പേര് | സ്ഥാനക്കയറ്റം നൽകി നിയമിച്ച ജില്ല | മാറ്റി നിയമിച്ച ജില്ല | റിമാർക്സ് |
|---|---|---|---|---|---|
| 150 | 18280 | ഷീജ.എസ്.എസ്. | പാലക്കാട് | മലപ്പുറം | |
| 152 | 18281 | രാജപ്രതാപൻ തമ്പി | മലപ്പുറം | പാലക്കാട് | |
| 194 | 18334 | ജോളി ദേവസ്യ | കാസർഗോഡ് | വയനാട് | |
| 74 | 18176 | ക്രിസ്റ്റിനസൈമൺ.ജെ. | കണ്ണൂർ | മലപ്പുറം | |

താഴെ പറയുന്ന ജീവനക്കാരെ പരാമർശം രണ്ട് പ്രകാരമുള്ള എൽ.ഡി.സി./വി.എ. മാരുടെ അന്തിമ സീനിയോരിറ്റി ലിസ്റ്റിൽ നിന്നും കെ.എസ്.& എസ.എസ്.ആർ.-ലെ ഭാഗം II ചട്ടം 28(ബി) II പ്രകാരം

25200-54000/- രൂപ ശമ്പള സ്കെയിലിൽ സീനിയർ ക്ളാർക്ക്/എസ്.വി.ഒ. ആയി താൽക്കാലികമായി സ്ഥാനക്കയറ്റം നൽകി അവരവരുടെ പേരിനോടൊപ്പം ചേർത്തിട്ടുള്ള ജില്ലകളിൽ നിയമിച്ച് ഉത്തരവാകുന്നു.

| ക്രമ നം. | എൽ.ഡി.സി./വി.എ. സീനിയോരിറ്റി നം. | പേര് | ഇപ്പോൾ ജോലി ചെയ്യുന്ന ജില്ല | സ്ഥാനക്കയറ്റം നൽകി നിയമിച്ച ജില്ല | റിമാർക്സ് |
|---|---|---|---|---|---|
| 1 | 18201 | ശരത്.എസ്. | കൊല്ലം | കാസർഗോഡ് | |
| 2 | 18232 | മഹേഷ്കുമാർ.എം.വി. | വയനാട് | വയനാട് | |
| 3 | 18252 | സിബീഷ്.സി.സി. | തൃശൂർ | കാസർഗോഡ് | |
| 4 | 18270(എ) | ഷിജി.എസ്. | തിരുവനന്തപുരം | കോഴിക്കോട് | |

ബന്ധപ്പെട്ട ജില്ലാ കളക്ടർമാർ/ഓഫീസ് മേധാവികൾ ടി ജീവനക്കാരെ അടിയന്തിരമായി വിടുതൽ ചെയ്യേണ്ടതും ഉചിതമായ നിയമനം നൽകി വിവരം ഈ കാര്യാലയത്തിൽ റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

(ഒപ്പ്)
**ജോയിന്റ് കമ്മീഷണർ**

ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക്
**ജില്ലാ കളക്ടർ/ഓഫീസ് മേധാവി മുഖേന)**

പകർപ്പ്:-1) സെക്രട്ടറി, ലാൻഡ് ബോർഡ്
2) ജില്ലാ കളക്ടർമാർ/ഓഫീസ് മേധാവികൾക്ക്
3.)കമ്മീഷണറുടെ/ജോയിന്റ് കമ്മീഷണറുടെ സി.എ.
4) അസിസ്റ്റന്റ് കമ്മീഷണർ (ആർ.ഇ)/സീനിയോരിറ്റി സെൽ
5) എൽ.ആർ. ഇ4 സീറ്റ്

ഉത്തരവിൻ പ്രകാരം

സൂപ്രണ്ട്.

T1/1/8